പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 864 — 30/01/2019 ൽ മറുപടിക്ക്

## മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

ചോദ്യം

**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ആർ. രാമചന്ദ്രൻ**
ശ്രീ.**കെ. രാജൻ**
ശ്രീ. **മുഹമ്മദ് മുഹസിൻ പി:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ നൽകാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉദ്ദേശിക്കുന്നുണ്ട് . കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ **(NLM)** കീഴിൽ ആട് വളർത്തൽ, പന്നി വളർത്തൽ പദ്ധതികൾ നടപ്പിലാക്കുവാൻ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് **90%** സബ്സിഡിയോടെ **19** പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന **1000** യൂണിറ്റുകളും **3** പെൺ പന്നിയും ഒരു ആൺ പന്നിയും ഉൾപ്പെടുന്ന **500** യൂണിറ്റുകളും നടപ്പിലാക്കും |
| ബി) | കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) | അനുബന്ധമായി ചേർക്കുന്നു |
| സി) | മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങൾ ജിയോ മാപ്പിംഗ് നടത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകഭവനങ്ങൾ ജിയോമാപ്പ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള (IIITM-K) യുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗാശുപത്രികളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി കർഷക ഭവനങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ടാബ്-ലറ്റ് കംപ്യൂട്ടറുകൾ ഉപയോഗിച്ച് കർഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അവരുടെ വീടിന്റെ അക്ഷാംശ രേഖാംശ വിവരങ്ങൾ (ജ്യോഗ്രഫിക് |

| | | | |
|---|---|---|---|
| | | | ലൊക്കേഷൻ) മാപ്പിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഇതുവരെ മൂന്നര ലക്ഷത്തിലധികം കർഷകരുടെ വിവരങ്ങൾ ഇങ്ങനെ രേഖപ്പെടുത്തി കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി വിവിധ പകർച്ച വ്യാധികളുടെ വ്യാപനം കൃത്യമായി നിരീക്ഷിക്കാനും, പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. കൂടാതെ പ്രകൃതി ദുരന്തങ്ങൾ പോലുള്ള അവസരങ്ങളിൽ അടിയന്തിര രക്ഷാനടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലെ ഏതൊരു വകുപ്പിനും ഈ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്. |
| ഡി) | ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | | ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു. തിരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകി വരുന്നു.<br>5 പെണ്ണാടും ഒരു ആണ്ണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. യൂണിറ്റ് ഒന്നിന് 25,000 രൂപ വീതം ധനസഹായം നൽകുന്നതിനായി ആകെ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.<br>2018-19ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 150 യൂണിറ്റിന് 150 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. |
| ഇ) | മാംസത്തിന്റെ ആവശ്യത്തിനായി പോത്ത്കുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കുന്നുവെന്ന് അറിയിക്കുമോ? | | ഉണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

മൃഗസംരക്ഷണ വകുപ്പ് മുഖേന സൗജന്യമായി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ താഴെപ്പറയുന്നു.

| | | |
|---|---|---|
| 1. | കറവപ്പശു പരിപാലനം | 3 ദിവസം |
| 2. | എരുമ വളർത്തൽ | 2 ദിവസം |
| 3. | ആട് വളർത്തൽ | 2 ദിവസം |
| 4. | പന്നി വളർത്തൽ | 2 ദിവസം |
| 5. | മുയൽ വളർത്തൽ | 2 ദിവസം |
| 6. | മുട്ടക്കോഴി വളർത്തൽ | 3 ദിവസം |
| 7. | ഇറച്ചിക്കോഴി വളർത്തൽ | 3 ദിവസം |
| 8. | വീട്ടുവളപ്പിലെ കോഴിവളർത്തൽ | 2 ദിവസം |
| 9. | താറാവ് വളർത്തൽ | 2 ദിവസം |
| 10. | ടർക്കി കോഴി വളർത്തൽ | 1 ദിവസം |
| 11. | തീറ്റപ്പുൽകൃഷി | 1 ദിവസം |
| 12. | എമു വളർത്തൽ | 2 ദിവസം |
| 13. | വ്യാവസായിക അടിസ്ഥാനത്തിൽ പശുവളർത്തൽ | 5 ദിവസം |
| 14. | കാടക്കോഴി വളർത്തൽ | 1 ദിവസം |
| 15. | നായവളർത്തൽ | 3 ദിവസം |
| 16. | പോത്തുകുട്ടി പരിപാലനം | 2 ദിവസം |
| 17. | ഓമനപ്പക്ഷികളുടെ പരിപാലനം | 2 ദിവസം |

സെക്ഷൻ ഓഫീസർ